# വാർത്താവിരുന്ന്
NEWS FEAST

MONTHLY NEWSPAPER OF HEAVENLY FEAST/PUBLISHED FROM KOTTAYAM

2020 APRIL, ISSUE 3


# കോവിഡ് – കാലം പഠിപ്പിച്ച പാഠം

## തങ്കു ബ്രദർ

മനുഷ്യനെ മനുഷ്യനായി കണ്ടുകൊണ്ട് അവന്റെ ആവശ്യങ്ങളിൽ സഹായിക്കുകയും തമ്മിൽ സ്നേഹിക്കുവാൻ പഠിപ്പിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ആത്മീയത. ലോകം ഇന്ന് അസഹിഷ്ണുതയുടെയും മരണഭയത്തിന്റേയും രക്തച്ചൊരിച്ചിലുകളുടെയും അലോസരപ്പെടുത്തുന്ന ശബ്ദങ്ങളുടെ നടുവിലൂടെ കടന്നുപോകുമ്പോൾ ഇവയിൽ നിന്നെല്ലാം മാനവരാശിക്ക് സ്വാതന്ത്ര്യം നൽകുവാനായി യേശുക്രിസ്തു പറഞ്ഞു: നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. "എന്റെ യഥാർത്ഥ അയൽക്കാരൻ ആരാണ്" എന്ന മതവക്താവായ ഒരു മനുഷ്യന്റെ ചോദ്യത്തിന് ഉത്തരമായി യേശു പറഞ്ഞു: 'ഒരു മനുഷ്യൻ'! പ്രയാസത്തിലിരിക്കുന്ന മനുഷ്യന്റെ മനസ്സറിഞ്ഞ് അവൻ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും സ്വതന്ത്രമാക്കുന്നതാണ് യഥാർത്ഥ ആത്മീയത എന്ന് നല്ല ശമര്യാക്കാരന്റെ ഉപമയിലൂടെ യേശു വെളിപ്പെടുത്തി. സങ്കുചിത മതചിന്ത മനുഷ്യർക്കിടയിൽ ശത്രുതയുടെ വിത്ത് വിതയ്ക്കുമ്പോൾ യഥാർത്ഥ ആത്മീയത മനുഷ്യരെ ഏകോദരസഹോദരങ്ങളാക്കുന്നതാണ്.

സഹജീവികളെ സ്നേഹിച്ചുകൊണ്ട് ജീവകാരുണ്യം ചെയ്യുവാനുള്ള മനുഷ്യന്റെ നല്ല മനസ്സിൽ വലിയവനായ ദൈവത്തിന്റെ സ്നേഹവും കൂടികടന്നുവന്നാൽ ആ വ്യക്തി മനുഷ്യർക്കും ദൈവത്തിനും കൊള്ളാവുന്നവനായി തീരും. ഇതു പറയുമ്പോൾ അത്തരത്തിൽ ഒരു വ്യക്തിയുടെ മുഖം മനസ്സിലേക്ക് വരികയാണ്.

കഴിഞ്ഞ ഡൽഹി തെരഞ്ഞെടുപ്പിൽ മുഖ്യമന്ത്രിയായി വീണ്ടും അധികാരത്തിൽ വന്ന ശ്രീ. അരവിന്ദ് കേജ്റിവാൾ. രാഷ്ട്രീയം മാറ്റി നിർത്തി അദ്ദേഹത്തെ സൂക്ഷ്മമായി വീക്ഷിച്ചാൽ ചില കാര്യങ്ങൾ നമുക്ക് മനസ്സിലാക്കുവാനുണ്ട്. തന്റെ കഴിഞ്ഞകാല ഭരണത്തെ വിലയിരുത്തിക്കൊണ്ട് ശ്രീ.കേജ്രിവാൾ സംസാരിച്ച ചില വാക്കുകൾ ശ്രദ്ധേയമാണ്.

"കർത്താവായ യേശുക്രിസ്തു കാണിച്ചു തന്ന മാർഗ്ഗത്തിലൂടെ ഭരണം നടത്തുവാൻ കഴിഞ്ഞു എന്നതാണ് എന്നെ ഏറ്റവും അധികം സന്തോഷിപ്പിക്കുന്ന കാര്യം. യേശുക്രിസ്തു തന്റെ ജീവികാലമത്രയും ദരിദ്രർക്കും നിരാലംബർക്കും വേണ്ടിയാണ് ജീവിതം ഉഴിഞ്ഞുവെച്ചത്. ഐഹിക ജീവിതകാലത്ത് താൻ ചെയ്ത കാരുണ്യ പ്രവർത്തികളിലൂടെ കർത്താവായ യേശു മനുഷ്യർക്കു നൽകിയ സന്ദേശമാണ് ഞങ്ങൾ അനുകരിച്ചത്. യേശു ചെയ്തതിന്റെ ഒരു ശതമാനമെങ്കിലും പ്രവർത്തിക്കുവാൻ കഴിഞ്ഞെങ്കിൽ അത് ഏറ്റവും വലിയ ഭാഗ്യമായി കരുതുന്നു. മനുഷ്യർ നിങ്ങളോട് എത്രമാത്രം അന്യായം ചെയ്താലും ശത്രുവായി കാണാതെ അവരോട് ക്ഷമിക്കുവാൻ പറഞ്ഞ യേശുവിന്റെ സന്ദേശമാണ് എന്നെ ഏറെ സ്വാധീനിച്ചത്. ജീവിതാന്ത്യത്തിൽ ഏറെ പീഡനങ്ങൾ സഹിച്ചിട്ടും സ്നേഹിച്ചവർ തന്നെ ചതിച്ചപ്പോഴും അവരോട് ക്ഷമിച്ചതാണ് യേശുവിന്റെ മാതൃക. നമുക്കെതിരെ പ്രവർത്തിക്കുന്നവരോട് പകരംവീട്ടുക എന്നത് മനുഷ്യസഹജമായസ്വഭാവമാണ്. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ സമൂഹം നന്നാവുകയോ മനുഷ്യത്വം വളരുകയോ ചെയ്യുകയില്ലന്ന് യേശു തന്റെ മരണത്തിലൂടെ മനുഷ്യന് സന്ദേശം നൽകി. ക്ഷമയാണ് ഒരു വ്യക്തിയിലുള്ള ഏറ്റവും വിലപ്പെട്ട നല്ല അംശം."



പ്രിയമുള്ളവരെ, നിർദ്ധനരോടുള്ള മനസ്സലിവും ദൈവസ്നേഹവും ജനങ്ങൾ ഒരു നാളും തള്ളിക്കളയുകില്ല എന്നതിന്റെ തെളിവുകൂടി ആയിരുന്നു അദ്ദേഹത്തിന്റെ ഭരണത്തുടർച്ച. കേജ്രിവാളുമായുള്ള സൗഹൃദ സംഭാഷണത്തിനിടയിൽ ഒരിക്കൽ കേട്ട വാക്കുകൾ മറക്കുവാനാകില്ല. ഒറ്റയ്ക്കുള്ള യാത്രയിൽ ഭയം വരാറില്ലേ? എന്ന ചോദ്യത്തിന്, "സത്യത്തിന് ആരേയും ഭയപ്പെടാനില്ല" എന്ന ധൈര്യത്തിന്റെ മറുപടി കേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി.

അതെ,മനുഷ്യനിൽനിന്നും സത്യവും സ്നേഹവും ഇനിയും ഉതിർന്നു പോയിട്ടില്ല എന്നതിന്റെ തെളിവായിരുന്നു കഴിഞ്ഞ നാളുകളിൽ കേരളം നേരിട്ട ജലപ്രളയവും ഇന്ന് നാം അതിജീവിച്ചുകൊണ്ടിരിക്കുന്ന കോവിഡ് മഹാമാരിയും. ജലപ്രളയ കാലത്ത് മുസ്ലീം ക്രിസ്ത്യാനിയുടെ വീട്ടിലും ക്രിസ്ത്യാനി ഹിന്ദുവിന്റെ വീട്ടിലും വസിക്കുന്ന മനോഹര കാഴ്ച നാം കണ്ടു. ആരും മതം നോക്കിയല്ല മറ്റുള്ളവരെ സഹായിച്ചത്. മതവും വിഭാഗീയതയും രാഷ്ട്രീയവുമെല്ലാം "മഴവെള്ളപ്പാച്ചിലിൽ ഒഴുക്കിവിട്ടിട്ട്" സഹായിക്കുവാനായി ജനങ്ങൾ നിരത്തിലിറങ്ങി. കോവിഡ്-19 ലോകമാകെ വ്യാപിച്ചപ്പോൾ മനുഷ്യനെ മനുഷ്യനായി മാത്രം കണ്ട് മതത്തിന്റെ അതിർ വരമ്പുകൾ പൊട്ടിച്ച് ജനങ്ങൾ യഥാർത്ഥമായി ഒന്നിക്കുന്ന കാഴ്ച കാണുവാൻ ഇടയായി. വാസ്തവത്തിൽ ഈ സ്വാതന്ത്ര്യമാണ് ഇന്ന് ലോകത്തിന് ആവശ്യമുള്ളത്. നാം തിരിച്ചറിയേണ്ട മറ്റൊരു കാര്യം, വലിയവനെന്നും ചെറിയവനെന്നും വ്യത്യാസമില്ലാതെ എല്ലാവരും ഒരു പോലെയാണ് പ്രതിസന്ധികളിൽ പെട്ടത് എന്നതാണ്. മനുഷ്യന് അഹങ്കരിക്കുവാൻ കഴിഞ്ഞില്ല. എങ്ങനെയെങ്കിലും രക്ഷപ്പെടണം. ഞങ്ങൾ സമ്പന്നരാണ് ആരുടെയും സഹായം ആവശ്യമില്ല എന്നു പറഞ്ഞവർ സാധാരണക്കാരന്റെ സഹായത്തിനായി കൈ നീട്ടി. സമ്പന്ന രാഷ്ട്രങ്ങൾ പോലും തങ്ങളുടെ സമ്പത്തിനോ സ്വാധീനങ്ങൾക്കോ വിടുവിക്കാനാവാത്ത സാഹചര്യങ്ങൾ മനുഷ്യജീവിതത്തിൽ വരുമെന്ന് തിരിച്ചറിഞ്ഞു. ദേവാലയങ്ങളിൽ ഒതുങ്ങിയിരുന്ന ദൈവാരാധന ഭവനങ്ങളിൽ വെളിപ്പെട്ടു.വിപ്ലവങ്ങളും മതചിന്തകളും സമൂഹത്തിൽ പരക്കുന്നതിനെക്കാൾ വേഗത്തിൽ സ്നേഹവും ഊഷ്മളതയും ദേശമാകെ പരക്കുകയായിരുന്നു. ഡോക്ടർമാർ, നേഴ്സ്മാർ, ആരോഗ്യപ്രവർത്തകർ, പോലീസ് അധികാരികൾ, ശുചീകരണ തൊഴിലാളികൾ തുടങ്ങിയവർ സുരക്ഷയുടെ കവചം തീർത്തുകൊണ്ട് തങ്ങളുടെ ജീവൻ പോലും പണയം വെച്ച് നടത്തിയ സേവനങ്ങൾ അവർക്ക് രാജ്യത്തോടുള്ള സ്നേഹം വെളിപ്പെടുത്തുന്നതായിരുന്നു. ഭരണാധികാരികളും ജീവകാരുണ്യ സംഘടനകളും പൊതുജനങ്ങളും ഒരു മനസ്സോടെ കോവിഡിനോടുള്ള പോരാട്ടത്തിൽ ഉറച്ചു നിന്നു. മാധ്യമങ്ങളാകട്ടെ പിഴവുകൾ തപ്പിപിടിക്കുവാനുള്ള വ്യഗ്രത മാറ്റി, എല്ലാവർക്കും സഹായം എത്തിച്ചുകൊടുക്കുവാൻ പരിശ്രമിച്ചു. ഏറ്റവും ആശ്ചര്യകരമായ ഒരു കാര്യം കൊറോണാ വൈറസിനോടുള്ള പോരാട്ടത്തിനിടയിൽ കൊള്ളയും കൊലയും മോഷണവുമെല്ലാം പാടേ കുറഞ്ഞുപോയി എന്നതാണ്.


അതെ, യൂണിവേഴ്സിറ്റികളും സ്കൂളുകളും എല്ലാം അടഞ്ഞുകിടന്നപ്പോഴും ഈ കോവിഡ് കാലം നമ്മെ വലിയ ഒരു പാഠം പഠിപ്പിച്ചു. നമ്മിൽ ഇനിയും യഥാർത്ഥമായ മനുഷ്യത്വം ശേഷിക്കുന്നു എന്ന നല്ല പാഠം!

സാമ്പത്തിക അനിശ്ചിതത്വത്തിലേക്ക് മുങ്ങിത്തുടങ്ങുന്ന അഭിനവ ലോകത്ത് വാഗ്ദാനങ്ങളും സമാധാന സന്ദേശങ്ങളും വാക്കുകളിൽ മാത്രം ഒതുങ്ങുമ്പോൾ "ഉള്ളതിനെക്കൊണ്ട് തൃപ്തരാകുവിൻ" എന്ന് യേശു പഠിപ്പിച്ച മറ്റൊരു പാഠമാണ് ഓർമ്മയിൽ വരുന്നത്. ദൈവം ഒരു മനുഷ്യനെ സൃഷ്ടിക്കുമ്പോൾ അവന്റെ ജീവനും ഭക്തിക്കും വേണ്ട സകലതും ഒരുക്കിയതിനു ശേഷമാണ് സൃഷ്ടിക്കുന്നത്.

ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് സഹജീവിയെ മനുഷ്യരായി മാത്രം കണ്ട് സഹായിക്കുവാൻ ഓരോവ്യക്തിയും മനസ്സൊരുക്കിയാൽ ലോകം ഇന്ന് കടന്നുപോകുന്ന പ്രതിസന്ധികളിൽ നിന്നും സ്വാതന്ത്ര്യം ഉരുവാകും. അത്യാഗ്രഹത്തിൽ നിന്നും മതഭ്രാന്തിൽ നിന്നും വിഭാഗീയതയിൽ നിന്നും സങ്കുചിത മതചിന്തയിൽ നിന്നുമാണ് യഥാർത്ഥ സ്വാതന്ത്ര്യം പ്രാപിക്കേണ്ടത്. അതിനാൽ വ്യത്യസ്ത ചിന്താഗതിയോടെ പുതിയ പ്രത്യാശയോടെ മറ്റുള്ളവരെ സഹായിക്കുവാനുള്ള പുതുതീരുമാനത്തോടെ ദൈവത്തിന്റെ മികവ് നമ്മിലൂടെ വെളിപ്പെടുന്ന ഒരു പുതു കാലഘട്ടത്തിലേക്ക് കടക്കാം.

സ്നേഹപൂർവ്വം,

**നിങ്ങളുടെ തങ്കുബ്രദർ**




**തങ്കു ബ്രദറിന്റെ ഫേസ്ബുക്ക് പേജ് ഫോളോ ചെയ്യുക.**

facebook.com/Tangubrother



# ചില ലോക്ക്ഡൗൺ പാഠങ്ങൾ

**തോമസുകുട്ടി ബ്രദർ**

ലോകം മുഴുവൻ 'ലോക്ക് ഡൗണിൽ' അകപ്പെട്ടപ്പോൾ, ഞാനും നിങ്ങളും കർത്താവിനോടുകൂടെ, ആ ചിറകടിയിൽ, ഉപവാസപ്രാർത്ഥനയിൽ 'ലോക്ക്ഡ് ഇൻ' ആകുകയായിരുന്നു. കൊറോണക്കാലം നമ്മെ പഠിപ്പിച്ച ചില സാമൂഹ്യപാഠങ്ങൾ ഉണ്ട്. ഞാൻ മനസ്സിലാക്കിയ അവയിൽ ചിലതിന്റെ ആത്മീയഅർത്ഥം നിങ്ങൾക്കും പ്രയോജനപ്പെടുവാൻ കുറിക്കട്ടെ !

**1. കൈ വൃത്തിയായി കഴുകണം.**

സോപ്പ് ഉപയോഗിച്ച് 20 സെക്കന്റ് കഴുകിയപ്പോഴാണ് കൈയ്യിൽ വളരെ ചെളി ഉണ്ടായിരുന്നുവെന്ന് മനസ്സിലായത്. മുമ്പ് സാധാരണ കഴുകലുമായി ജീവിച്ച നാളുകളിൽ വെളിപ്പെടാത്ത അഴുക്കുകൾ ഇപ്പോൾ വെളിപ്പെട്ടുവരുന്നു. ആയതുപോലെ തിരക്കുകളിൽ നിന്നും അകന്ന് 40 ദിവസങ്ങൾ ദൈവവചനം എന്ന ശുദ്ധവെള്ളത്താൽ കഴുകപ്പെട്ടപ്പോഴാണ് ഇതുവരെ മറഞ്ഞിരുന്നതും, ഹൃദയത്തിൽ പറ്റിക്കിടന്നതുമായ പല മാലിന്യങ്ങളും വെളിപ്പെട്ടത്.

ഇപ്പോൾ ഹൃദയത്തിൽ ഒരു പുതിയ നൈർമല്ല്യം അനുഭവിക്കുകയാണ്. വചനം കുറച്ചുകൂടി ആഴത്തിൽ രുചിക്കുവാൻ സാധിക്കുന്നു. സന്തോഷത്തിന്റെ പുതിയൊരുതലം ജീവിതത്തിൽ വെളിപ്പെടുന്നു. കൊറോണ വൈറസ്  നമ്മെ കീഴ്പ്പെടുത്താതിരിക്കുവാൻ നമ്മുടെ രാജ്യം 'ലോക്ക്ഡൗൺ' തന്നപ്പോൾ ആത്മീയ വൈറസുകൾ ഹൃദയത്തിൽ നിന്നും കഴുകി കളയുവാൻ ദൈവരാജ്യം നമ്മെ കർത്താവിന്റെ ചിറകടിയിൽ, ആ സ്നേഹത്തിന്റെ 'ഇന്നർ ചേമ്പറിൽ' ഇരുത്തിയിരിക്കുന്നു.

**2. സാമൂഹ്യ അകലം പാലിക്കണം**

പ്രളയത്തിനു ശേഷം നാം പതുക്കെ കെട്ടി ഉയർത്തിയ മതിലുകളും അതിർവരമ്പുകളും മഹാമാരിയിൽ വീണ്ടും നിലം പൊത്തുകയാണ്. സാമൂഹ്യ അകലം രോഗവ്യാപനത്തെ ഫലപ്രദമായി ചെറുക്കും എന്നതിന് ഉത്തമ ഉദാഹരണമാണ് ഇന്ത്യ, പോർച്ചുഗൽ പോലുള്ള രാജ്യങ്ങൾ. അതിൽത്തന്നെ, കേരളം എടുത്ത നടപടികൾ ലോകമെങ്ങും പ്രശംസിക്കപ്പെട്ടു. ആത്മീയമായി പറഞ്ഞാൽ നമ്മുടെ മനസ്സിൽ പറ്റിക്കിടന്ന പല ചിന്താഗതികളിൽ നിന്നും അകലം പാലിക്കുവാനുള്ള ഒരു അവസരം കൂടിയായി നമുക്ക് ഉപവാസപ്രാർത്ഥന.

സാമൂഹ്യഅകലം നമ്മെ ആത്മീയ അടുപ്പത്തിലാക്കി. കർത്താവിനോടും ദൈവവചനത്തോടും സ്വർഗ്ഗം നമ്മെ ചേർത്ത് പണിയുകയായിരുന്നു. കുടുംബ പ്രാർത്ഥനയിലും കുടുംബ ബന്ധങ്ങളിലും ഒന്നുകൂടി ഇഴയടുപ്പത്തിന് ഈ കാലഘട്ടം നമുക്കിടയാക്കി. ഇനിയും ഒത്തിരി ഒത്തിരി പറയുവാനുണ്ട്. ഒരുപാട് പാഠങ്ങൾ കർത്താവ് നൽകിക്കൊണ്ടിരിക്കുന്നു. നിങ്ങളെ എല്ലാവരെയും നേരിട്ട് കാണുവാനും കൂട്ടായ്മ ആചരിക്കുവാനും വിശ്വാസസമൂഹത്തിന് ഭയംകൂടാതെ കൈകൊടുത്ത് ആലിംഗനം ചെയ്യുവാനുമുളള അവസരം വേഗത്തിൽ ഉണ്ടാകുവാനും പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം, **തോമസുകുട്ടി ബ്രദർ**



**BE LOCKED IN WITH JESUS**

## കൊടുംചൂടിൽ തണുപ്പേകി സംഭാരവിതരണം

വേനൽക്കാലങ്ങളിൽ ജനഹൃദയങ്ങളിൽ തണുപ്പേകുവാൻ റീച്ച് ആരംഭിച്ച പദ്ധതിയാണ് സൗജന്യ സംഭാരവിതരണം. പോയ വർഷങ്ങളിൽ സംസ്ഥാനമൊട്ടാകെ നൂറുകണക്കിന് പട്ടണങ്ങളിൽ സൗജന്യമായി സംഭാരവിതരണം നടത്തിയ ഏക ജീവകാരുണ്യ സംഘടനയാണ് റീച്ച് വേൾഡ് വൈഡ്.  ബസ് സ്റ്റാൻഡുകൾ, തിരക്കേറിയറോഡുകൾ ഗവൺമെന്റ് ആശുപത്രികൾ എന്നിങ്ങനെയുള്ള ജനനിബിഡമായ സ്ഥലങ്ങളിലാണ് സംഭാരവിതരണം നടത്തുന്നത്. റീച്ചിന്റെ ആയിരക്കണക്കിന് യുവ സന്നദ്ധപ്രവർത്തർ പദ്ധതിയ്ക്ക് പിന്നിൽ അണിനിരന്നപ്പോൾ നിങ്ങൾ ചെയ്യുന്നത് വലിയ കാര്യമാണെന്ന് നാട്ടുകാർ ഒന്നടങ്കം പറഞ്ഞു.




**ഓസ്ട്രേലിയയിൽ റീച്ച് സന്നദ്ധപ്രവർത്തകർ നിത്യോപയോഗ സാധനങ്ങളുടെ സൗജന്യകിറ്റുകൾ വിതരണം ചെയ്തപ്പോൾ**






## ഓപ്പറേഷൻ റാന്നി

റാന്നി പഴവങ്ങാടി പഞ്ചായത്തിന്റെ അതിർത്തി പ്രദേശമായ ഐത്തലയിൽ കൊറോണ ഭീതിയിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിച്ചുകൊടുത്തുകൊണ്ട് സമൂഹത്തിൽ മാതൃക കാട്ടുകയാണ് റീച്ച് വേൾഡ് വൈഡ്. ഒറ്റപ്പെടൽ അനുഭവിച്ച് കഴിയുന്ന ഏകദേശം എഴുപതിലധികം വരുന്ന വീട്ടുകാർക്ക് രോഗം സ്ഥിരീകരിച്ചിരുന്നില്ല എങ്കിലും തൊട്ടടുത്ത് രോഗികൾ ഉള്ളതിനാൽ വീടുകളിൽ ഇവർ നിരീക്ഷണത്തിലായിരുന്നു.

റാന്നി ഐത്തല സ്വദേശികൾക്കു കോവിഡ്19 സ്ഥിരീകരിച്ചപ്പോൾ മുതൽ ഭീതിയുടെ പിടിയിലാണു പത്തനംതിട്ടയിലെ ഈ മലയോര പ്രദേശം. രോഗബാധിതർ സഞ്ചരിച്ച റൂട്ട്മാപ്പ് കൂടി പുറത്തുവന്നതോടെ ഒരു ഒറ്റപ്പെട്ട തുരുത്തായി മാറുകയായിരുന്നു ഐത്തല ദേശം. കൊറോണയെ ഭയപ്പെട്ട് മാറി നിൽക്കുവാൻ അല്ല ധൈര്യത്തോടെ എഴുന്നേറ്റ് പ്രവർത്തിക്കണം എന്ന റീച്ച് വേൾഡ് വൈഡ് ചെയർമാൻ ഡോ. മാത്യു കുരുവിളയുടെ (തങ്കു ബ്രദർ) നിർദ്ദേശം അനുസരിച്ചുകൊണ്ട് നിരവധി സന്നദ്ധപ്രവർത്തകരാണ് ഈ കാരുണ്യ പദ്ധതിക്കായി മുന്നോട്ടുവന്നത്.

ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ അനുമതിയോടെ, മതിയായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയാണ് റീച്ച് സന്നദ്ധ പ്രവർത്തകർ ഐത്തലയിലെ കുടുംബങ്ങളെ സന്ദർശിച്ചത്.

2018 ലെ വെള്ളപ്പൊക്കത്തിൽ ജീവിതം വഴിമുട്ടി നിന്ന റാന്നി സ്വദേശികൾക്ക് അവശ്യ വസ്തുക്കൾ ലഭ്യമാക്കിയതും, ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതും ജീവകാരുണ്യത്തിന്റെ ഉദാത്തമായ മാതൃകയായിരുന്നു.



# Arise & Shine

## What's happening now? A Lifestyle Change!

Bro. RAUNAQ & Dr. SARA

To understand what's going on now, we have to rewind a few months back before this COVID 19 phase to December 31st 2019. You can actually call it to your remembrance easily as days are going past in a flash and we are entering the half mark of this year. We all know the 2020 was prophesied as the year of Excellence and the year of Prayer. The prophecy was given by Father God to Appa (Tangu Bro) for Heavenly Feast on October 2019 along with the directions to start Reach Express (As the Lord also told Appa that there is going to be a shortage of food, which we can see now). We (Sara& myself) had the privilege to witness first hand on how the rhema for this year took it's form each day as it was getting closer to Dec 31. We saw Appa with His `sudden bursts of joy as he shared with us bits and pieces of the message which was imparted to him in revelations and visions. One of the visions, which we will go through to get a perspective of was - what's going on now? The vision came to him while he was ministering in the UK during the end of 2019 where he saw a craftsman pouring gold into a clay mould that He had made, so that the metal would take the form of the mould. Once the gold solidified, the mould outside was broken off so that His Perfect Golden vessel was revealed. If you remember the month of December, the days leading up to the New Years was full of meetings and prayers. It was as if the Lord was preparing the Church (You and Me) to receive a new anointing for a lifestyle change which was to be initiated from Dec 31st.

So, as Dec 31st was approaching, Oh, we were excited for the new year message that he had been talking to us about for a month. Even though the last one week leading to Dec31st was busy with all the practice sessions and preparations, we (I know it was not just us but the whole Heavenly Feast family) were all waiting for that rhema. The day had arrived when we would know the direction in which the Lord and our Master was going to take the church for 2020- THE YEAR OF EXCELLENCE AND THE YEAR OF PRAYER.

I know most of us only remember the bits and pieces of the message, but as my Lord is merciful, I try to imitate Him and will recap for you what happened. The Spirit spoke out of Isaiah 49 leading up to Romans 9:23. The Lord declared that 2020 is the Year for TNTs and Timothians and how this will be a year of Prayer where the Lord sharpens His arrows in the shadows, and uses them as per His convenience. The Spirit emphasized in Isaiah 49.22, "I will set up my standard for the people, I will make them a banner!" And again and the Spirit spoke from Habakkuk 1:5, " You will not believe it when I say it, but when you see it you will be amazed ". Then from Romans 9.23, "that He might make known the riches of His Glory on the Vessels of Mercy". The Spirit clearly indicated that the prerequisite of excellence would be continual fellowship with Him, rubbing against Him, being with Him, being in the Inner Chambers and being under His Wings!! Oh! I can feel my Spirit being ignited as I write this. Little did we know while standing on that stage, but when I look back now, everything that the Lord Spoke on that day has come to pass.

Even before the end of the first quarter of the year, the world saw the rise of the Pandemic, which we all know about and due to this, India had declared it's lockdown from March 23rd to May 3rd 2020. If you check the Heavenly Feast calendar which was printed in October 2019, those dates had been decided for our 40 day Fasting Prayer. You see where I'm going with this?? Nothing! I mean nothing happens as a coincidence in the Kingdom of God! Jesus is the Lord of Heavenly Feast. He is the Alpha, He is the Omega, He is our beginning, He is our end. The last 40 days have been a treat for our Spirit with Breakfast( Arise and Shine), Lunch( Under His Wings) and Dinner( Inner Chambers). As we have now laid a foundation on what had happened till date, let's think of 'what's happening now?'

We can clearly see that it has been a Year of Prayer till date and its still continuing. If you have noticed, there has been a change in your Lifestyle where your entire day is now centered around prayer (Fellowship) and if you have noticed, the way you value Jesus and His Word is more than you value the world with its uncertainty, a thought which you never came across while you stood in that stadium on Dec 31st. But the mantle which fell on you towards the end of the service enabled each and everyone to fall into this new lifestyle of Prayer, which is the Lifestyle our Lord and Master practised during His walk on Earth. Let me put forward a thought- If you were a disciple who was walking with Jesus in His walk on earth, of all the things that you could ask him to teach you (namely turning water into wine, multipying food, walking on water and ascending to heaven, which are the things I would have asked him for sure), will you ask Him like the disciples did, to teach us HOW TO PRAY? The Disciples knew the Source to His power and His life and what led Him to the Cross and beyond that was His communion with the Father – His Lifestyle. A lifestyle, which is recorded in the Gospels for us to see it's prominence. A lifestyle, which I know for the fact that the disciples followed. A lifestyle, which is only possible for the New Creation or a born Again Believer.

What's happening now, you may ask? With this new lifestyle in place, we are locked in and ready to load, just like the vision which we read in the beginning and heard on Dec 31st. The craftsman (the Father God) is pouring his Gold (Riches of His Glory) into His clay mould (Vessels of Mercy) so that He can break off the clay to show(make known) His Perfect Gold Vessel(which He had prepared beforehand) (Romans9.23). His Standard of Workmanship, His Excellence, His Power –Through You!

ARISE AND SHINE!




നിങ്ങളുടെ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ
സ്വർഗ്ഗീയവിരുന്നിന്റെ വൈവാഹിക വെബ്സൈറ്റിൽ
ഇന്നു തന്നെ പേര് രജിസ്റ്റർ ചെയ്യൂ!

HEAVENLY FEAST MATRIMONY

THE PERFECT PLATFORM FOR BORN AGAIN BELIEVERS TO MEET THEIR LIFE MATE

www.hfmatrimony.com

info@hfmatrimony.com

# അത്ഭുതങ്ങളുടെ ചിറകടിയിൽ

## ആത്മനിറവിന്റെ 40 ദിനങ്ങൾ



2020, പ്രർത്ഥനയുടെ വർഷമാണെന്നും പുതുവർഷത്തിൽ മാർച്ച് 23 മുതൽ മെയ് 3 വരെ സഭ മുഴുവനും പ്രാർത്ഥനയിലും ഉപവാസത്തിലും ഇരിക്കണമെന്നും കഴിഞ്ഞ വർഷം ഒക്ടോബർ മാസത്തിൽ തന്നെ തങ്കു ബ്രദർ സഭയോട് ആഹ്വാനം ചെയ്തത്, ഇന്ന് തിരിഞ്ഞ് നോക്കുമ്പോൾ വർണിക്കാനാവാത്തവിധം അത്ഭുതാവഹമാണ്. 'ഞങ്ങൾ പ്രസംഗിച്ച വചനം നിങ്ങൾ കേട്ടു. മനുഷ്യന്റെ വചനമായിട്ടല്ല സാക്ഷാൽ ആകുന്നതുപോലെ ദൈവ വചനമായിട്ടു തന്നെ കൈകൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു' (1 തെസ്സ 2 :13) എന്ന ദൈവവചനം പോലെ ദൈവദാസന്മാരുടെ ഓരോ വാക്കുകളും നാം ദൈവത്തിന്റെ വാക്കുകളായി കൈക്കൊള്ളേണം എന്നത് ഒരിക്കൽ കൂടി ഉറപ്പിക്കുന്നതായിരുന്നു 40 ദിവസ ഉപവാസ പ്രാർത്ഥനയുടെ പ്രഖ്യാപനവും പുതുവർഷത്തെ ദൈവീക ദൂതും.

കോവിഡ് 19 പകർച്ച വ്യാധി നിമിത്തം ഗവൺമെന്റ് മാർച്ച് 23 മുതൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതും മെയ് 3 വരെ നീട്ടിയതും അതേ തീയതികളിൽ തന്നെ സഭയെ കർത്താവിന്റെ ചിറകടിയിൽ ഇരുത്തിയതും ദൈവത്തിന്റെ അത്ഭുത പ്രവർത്തികളാണ്. 40 ദിവസ ഉപവാസ പ്രാർത്ഥനയുടെ അവസാന നാളുകളിൽ ഇന്റെർ നാഷണൽ കോൺഫിറൻസ് നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും ടി.വി ചാനൽ, സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമങ്ങളിലൂടെ സ്വർഗ്ഗീയ വിരുന്ന് ഉപവാസപ്രാർത്ഥന ഇന്റെർനാഷണൽ ആകുക ആയിരുന്നു.

എല്ലാ ദിവസവും രാവിലെ 8.30 ന് 'എറൈസ് & ഷൈൻ' എന്ന പേരിൽ ബ്രദർ റോണക്കിന്റെയും സാറയുടെയും ഫേസ്ബുക്ക് ലൈവും 11 മണിക്ക് തോമസുകുട്ടി ബ്രദറിന്റെ ഗലാത്യലേഖന പഠനവും വൈകിട്ട് 8.30 ന് 'ഇന്നർ ചേമ്പർ' എന്ന പേരിൽ തങ്കു ബ്രദറിന്റെ ഫേസ്ബുക്ക് ലൈവും ഇതിനോടകം ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു.

കോവിഡ് - 19 ഉൾപ്പെടെ നിരവധി രോഗങ്ങൾ സൗഖ്യമായി. മരണഭയം വിട്ടുമാറി അനേകർ വിടുവിക്കപ്പെട്ടു. ക്ഷാമകാലത്തും ദൈവവേലക്കായി വിതച്ചവർ തങ്ങൾക്ക് ലഭിച്ച വിടുതലിന്റെ സാക്ഷ്യങ്ങൾ പങ്കുവെച്ചു. തങ്കുബ്രദർ, തോമസുകുട്ടി ബ്രദർ, ബ്രദർ റോണക്ക് എന്നിവരോടൊപ്പം ലോകപ്രശസ്ത സുവിശേഷകരും പാസ്റ്റർമാരുമായ ഡി. മോഹൻ, ആമോസ് എ.സിങ്, പോൾ ദിനകരൻ, ഡോ. പി.ജി.വർഗീസ്, റാംബാബു, എം.എ. വർഗ്ഗീസ്, വി.എ.തമ്പി & മറിയാമ്മ തമ്പി, ആർ.ഏബ്രഹാം, ഫിന്നി സ്റ്റീഫൻ, സുരേഷ് ബാബു, തോമസ് ജോർജ്ജ്, ഡാമിയൻ ആന്റണി, പി.ജി. മാത്യൂസ്, ജോൺസൺ വർഗീസ്, ബാബു ചെറിയാൻ, ജോഷി ജോസഫ്, റ്റിനു ജോർജ്ജ്, രാജേഷ് മാത്യു, നോബിൾ പി. തോമസ്, എൻ.പീറ്റർ, ജോൺ താരു, സാംകുട്ടി ചാക്കോ (ഹല്ലേലൂയ്യാ) എന്നിവരും ലൈവ് വചനശുശ്രൂഷയിൽ പങ്കെടുത്തു. തങ്കു ബ്രദറിന്റെ ജേഷ്ഠൻ പ്രൊഫ.മോഹൻ കുരുവിള 'സീക്കിംഗ് ടു സർവ്' എന്ന പേരിൽ ബിസ്സിനസ്സിനെക്കുറിച്ചുള്ള നൂതന ആശയങ്ങൾ പങ്കുവച്ചു.

ആനുകാലിക പ്രതിസന്ധികളെ അതിജീവിക്കാൻ ശക്തിപകരുന്ന വചനഘോഷവും പ്രാർത്ഥനയും നിമിത്തം ഭയത്തിൽനിന്നും നിരാശയിൽ നിന്നും വിടുതൽ പ്രാപിച്ചു വെന്നും വീടുകളിൽ ദൈവ മഹത്വം ഇറങ്ങി ആത്മാവിൽ നിറഞ്ഞു എന്നും ലൈവ് ശുശ്രൂഷയിൽ പങ്കെടുത്ത അനേകർ സാക്ഷീകരിച്ചു. സ്വർഗ്ഗീയവിരുന്ന് ഉപവാസപ്രാർത്ഥന നാൽപതു ദിവസത്തിൽ ഒതുക്കാതെ ദിവസേനയുള്ള മൂന്ന് ലൈവുകളും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

കർത്താവിന്റെ ചിറകടിയിൽ

### എല്ലാ ദിവസവും 3 മീറ്റിംഗുകൾ ഫേസ്ബുക്ക് ലൈവിൽ തുടരുന്നു!

രാവിലെ 8.30 ന് റോണക്ക് & സാറ ശുശ്രൂഷിക്കുന്നു
(എറൈസ് & ഷൈൻ) /Heavenly feast
രാവിലെ 11 ന് തോമസുകുട്ടി ബ്രദർ നയിക്കുന്ന
(ബൈബിൾ പഠനം) /Heavenly feast
വൈകിട്ട് 8.30 ന് തങ്കുബ്രദർ ശുശ്രൂഷിക്കുന്നു
(ഇന്നർ ചേമ്പർ) /Tangu Brother

വെള്ളി,ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 11 മണിയുടെ ലൈവ് വിവിധ ടി.വി. ചാനലുകളിലും ലഭ്യമാണ്

**Utsav T.V,,Trumpet T.V Grace Family T.V**

"40 ദിന ഉപവാസപ്രാർത്ഥനയിൽ തങ്കുബ്രദർ ആത്മാവിൽ വിളിച്ചു പറഞ്ഞു. രണ്ട് കണ്ണുകളും ഇൻഫക്ഷനായി വെള്ളം വമിചകൊണ്ടിരിക്കുന്ന ഒരു സഹോദരി സൗഖ്യമാകുന്നു എന്ന്. അത്ഭുതമെന്നു പറയട്ടെ രാവിലെ ഉണരുമ്പോൾ കണ്ണുകൾ പീളകെട്ടി വെള്ളമൊഴുകുന്ന അവസ്ഥയിൽ അതിവേദന അനുഭവിച്ചുകൊണ്ടിരുന്ന ഞാൻ അതിശയകരമായി സൗഖ്യമായി. പിന്നീട് ഇന്നുവരെ വേദനയോ ഇൻഫക്ഷനോ ഉണ്ടായിട്ടില്ല. യേശുവിന് നന്ദി."



സാറാമ്മ വാകത്താനം

# തളർച്ചമാറി... 'ലൈവായി'

ഞാൻ ഷിഹിൻ. ഒരു അപകടത്തിൽ നട്ടെല്ലും കണങ്കാലിന്റെ അസ്ഥിയും തകർന്ന് ശാരീരികവും മാനസികമായി തളർന്നു കിടക്കുകയായിരുന്നു ഞാൻ. കെട്ടിടത്തിന് മുകളിൽ നിന്നും നടുവടിച്ചുള്ള വീഴ്ചയിൽ കാലിന്റെ അസ്ഥി പൊട്ടി രണ്ട് കഷ്ണങ്ങളായി. നടുവിന്റെ ഡിസ്ക് പൊട്ടിപ്പിളർന്ന് സ്പൈനൽ കോഡിലേക്ക് കയറിയ അവസ്ഥയിലായിരുന്നു. വീഴ്ചയിൽ L1, L2 ഡിസ്ക് അടുത്തു പോയതിനാൽ ശസ്ത്രക്രിയ ചെയ്ത് സ്ക്രൂ ഇട്ട് യോജിപ്പിക്കണമെന്നും, കുറഞ്ഞത് ഒരു വർഷമെങ്കിലും ബെൽറ്റ് ധരിച്ച്, വെയിറ്റ് ഇട്ട് കിടക്കണമെന്നും ഡോക്ടർമാർ നിർദ്ദേശിച്ചു. ഒടുവിൽ പ്ലാസ്റ്റർ ഇട്ട ശേഷം മാർച്ച് 23 ന് ഓപ്പറേഷൻ ചെയ്യുവാനായി വരണമെന്ന് പറഞ്ഞ്, ഞങ്ങളെ തിരിച്ചയച്ചു.

വിവിധരാജ്യങ്ങളിൽ ജോലിയും ബിസിനസ്സും ചെയ്ത് ഒരുപാട് പണം സമ്പാദിച്ച ഞാൻ മദ്യപാനത്തിലും അഴുക്ക് കൂട്ടുകെട്ടിലും പെട്ട് പണമെല്ലാം ധൂർത്തടിച്ച് ജീവിതം നശിച്ചുപോയ അവസ്ഥയിലാണ് യേശുവിന്റെ സ്നേഹം തിരിച്ചറിയുന്നത്. സ്വർഗ്ഗീയവിരുന്ന് ഉപവാസപ്രാർത്ഥന തുടങ്ങുന്ന മാർച്ച് ഇരുപത്തിമൂന്നാം തീയതി, ഉപവാസത്തിനിടയിൽ തന്നെ ഓപ്പറേഷൻ കൂടാതെ യേശു സൗഖ്യമാക്കും എന്ന വലിയ വിശ്വാസത്തോടെ ഞങ്ങൾ ആശുപത്രിയിലേക്ക് കടന്നുപോയി.

വിദഗ്ധ പരിശോധനയിൽ എന്റെ കാലിന്റെ വേദന മാറി എന്നു മാത്രമല്ല 5 ദിവസം കൊണ്ട് തന്നെ അസ്ഥികൾ യോജിച്ചിരിക്കുന്നതായി എക്സ്റേയിൽ കണ്ടുവെന്നും ഡോക്ടർ പറഞ്ഞു. പിന്നീട് ഞങ്ങളുടെ നിർബന്ധപ്രകാരം ഓപ്പറേഷൻ ചെയ്യാതെ മടങ്ങി വീട്ടിലെത്തി.

ഒന്ന് അനങ്ങുവാൻ പോലും കഴിയാതെ കട്ടിലിൽ കിടന്നുകൊണ്ടാണ് പ്രാഥമിക കാര്യങ്ങൾ പോലും ചെയ്തിരുന്നത്. എന്നാൽ ഉപവാസപ്രാർത്ഥനയുടെ പതിനെട്ടാം ദിവസം തങ്കു ബ്രദർ പെസഹാ വ്യാഴാഴ്ചയുടെ മെസ്സേജിൽ കർത്താവിന്റെ ഉയർപ്പിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, 'നീ എഴുന്നേൽക്കുക' എന്ന് ആരോ എന്റെ ഉള്ളിൽ പറയുന്നതായി ഞാൻ അനുഭവിച്ചറിഞ്ഞു. പെട്ടെന്ന് ഒരു ആത്മശക്തി എന്റെമേൽ ഇറങ്ങിവന്നിട്ട് ഞാൻ 'യേശുവേ' എന്ന് വിളിച്ച്, ചാടി എഴുന്നേൽക്കുകയായിരുന്നു. ഒരു ഗ്ലാസ് വെള്ളം കുടിക്കണമെങ്കിൽ പോലും പരസഹായത്താൽ എന്റെ വായിൽ ഒഴിച്ചു തരേണ്ട അവസ്ഥയിലായിരുന്ന ഞാൻ, ആ നിമിഷം മുറിയിലൂടെ നടക്കുവാൻ തുടങ്ങി.

യേശു എന്നെ പരിപൂർണ്ണമായി സൗഖ്യമാക്കി. പിന്നീട് ചെക്കപ്പിനായി നടന്നുവരുന്ന എന്നെ കണ്ട് ഡോക്ടർ അത്ഭുതപ്പെട്ടുപോയി. ഇന്ന് എന്റെ എല്ലാകാര്യങ്ങളും ഞാൻ സ്വന്തമായിട്ടാണ് ചെയ്യുന്നത്. ശരീരത്തിൽ കത്തി വെയ്ക്കുവാൻ അനുവദിക്കാതെ ഞങ്ങളുടെ വിശ്വാസത്തെ മാനിച്ച കർത്താവിന് എന്നെന്നേക്കും മഹത്വം. ഈ യേശു എത്ര നല്ലവൻ!



ഷിഹിൻ മൂവാറ്റുപുഴ

# റീച്ച് വേൾഡ് വൈഡ്

## ജനഹൃദയങ്ങളിൽ സഹായഹസ്തവുമായി



## സ്വാതിക്കറിയാം

## സൗജന്യ ഭക്ഷണത്തിന്റെ സ്വാദ് !

എന്റെ പേര് സ്വാതി. കുസാറ്റ് യൂണിവേഴ്സ്റ്റിയിൽ നിന്ന് എം.ബി.എ ബിരുദത്തിനു ശേഷം ഇപ്പോൾ ബന്ധൻ ബാങ്കിൽ അസിസ്റ്റന്റ് മാനേജർ ഗ്രേഡിൽ ജോലി ചെയ്യുന്നു. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ യേശുവിന്റെ സ്നേഹം രുചിച്ചറിയുവാൻ ഭാഗ്യം ലഭിച്ചു.ഒരുവക പഠിക്കില്ലെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞ എന്നെ യേശുവാണ് ഇത്രത്തോളം ഉയർത്തിയത്. റീച്ചിന്റെ സൗജന്യ ഭക്ഷണ വിതരണം സ്പോൺസർ ചെയ്യുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. അതിനായി എന്നെ പ്രേരിപ്പിക്കുന്നതും യേശുവിന്റെ സ്നേഹമാണ്. എന്റെ അമ്മ ഒരു ക്യാൻസർ രോഗി ആയിരുന്നു. ആദ്യമൊക്കെ പ്രൈവറ്റ് ആശുപത്രിയിലായിരുന്നു ചികിത്സ എങ്കിലും പിന്നീട് പൈസയുടെ ബുദ്ധിമുട്ടു കാരണം ഞങ്ങൾ ജനറൽ ഹോസ്പിറ്റലിലേക്ക് മാറി. അന്ന് അവിടെ വച്ച് ഞങ്ങൾക്ക് ലഭിച്ചസൗജന്യ ഭക്ഷണവും മരുന്നും, ചികിത്സയുമെല്ലാം ഒരിക്കലും മറക്കുവാൻ കഴിയില്ല. കഷ്ടപ്പെടുന്നവന് ഒരു നേരത്തെ ആഹാരം ലഭിക്കുമ്പോളുണ്ടാകുന്ന സന്തോഷം തിരിച്ചറിഞ്ഞ വ്യക്തിയാണ് ഞാൻ. റീച്ചിന്റെ സൗജന്യ ഭക്ഷണവിതരണം കണ്ടപ്പോൾ എനിക്ക് ഞങ്ങളുടെ പഴയകാല അനുഭവങ്ങൾ ഓർമ്മ വന്നു. നീണ്ട നിരയിൽ ക്യൂ നിന്നുകൊണ്ട് ആഹാരം വാങ്ങി ഭക്ഷിച്ച എത്രയോ ദിനങ്ങൾ. നിങ്ങളുടെ പ്രവർത്തനങ്ങൾ കണ്ടപ്പോൾ എനിക്കും ഈ പ്രോഗ്രാമിന്റെ ഒരു ഭാഗമാകണമെന്ന് ആഗ്രഹം തോന്നി.കർത്താവിന്റെ നാമത്തിൽ വിതച്ചിട്ടുണ്ടെങ്കിൽ അത് നൂറ് മടങ്ങായി തിരിച്ച് ലഭിക്കും. യേശു ആർക്കും കടക്കാരനല്ല!

## സൗജന്യ ഭക്ഷണ വിതരണം കോട്ടയം ജില്ലാ ആശുപത്രിയിൽ

കോട്ടയം പട്ടണം 'പട്ടിണിയില്ലാ പട്ടണം' ആക്കുവാൻ 'ഒരുപിടി അരി ഒരുപാട് ജീവൻ' എന്ന ആശയത്തോടെ 2004 ൽ റീച്ച് വേൾഡ് വൈഡ് തുടക്കമിട്ട വിശക്കുന്നവർക്ക് ആഹാരം പദ്ധതി ലോക്ഡൗൺ കാലത്ത് കോട്ടയം ജില്ലാ ഗവ. ആശുപത്രിയിൽ ആരംഭിച്ചു. ആഹാരമില്ലാതെ കഷ്ടമനുഭവിക്കുന്ന നിർദ്ധന ജനങ്ങൾക്കായി റീച്ച് ഒരുക്കുന്ന സൗജന്യഭക്ഷണപ്പൊതി എല്ലാദിവസവും രാവിലെ ജില്ലാ ആശുപത്രിയിലെ നിർദ്ധനരായ രോഗികൾക്കും പരിചരിക്കുവാനായി കൂടെ നിൽക്കുന്നവർക്കുമാണ് നൽകുന്നത്. യേശുക്രിസ്തുവിന്റെ സ്നേഹം തുടിക്കുന്ന ഹൃദയമുള്ള ഓരോ ദൈവമക്കളും പദ്ധതിയുടെ വിജയത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് റീച്ച് വേൾഡ് വൈഡ് ചെയർമാൻ തങ്കു ബ്രദർ അഭ്യർത്ഥിച്ചു.



## റീച്ച് വേൾഡ് വൈഡിന്റെ സൗജന്യ കുടിവെള്ള വിതരണപദ്ധതി



# ലോക്ഡൗണിലും എക്സ്പ്രസ്സ് സേവനങ്ങളുമായ്

Reach Xpress SUPER MARKET



# റീച്ച്; എന്നും എപ്പോഴും ജനങ്ങളോടൊപ്പം!

ആഗ്രഹ് മുരളീധരൻ

ആറ് ആഴ്ചത്തെ സമ്പൂർണ്ണ ലോക്ക് ഡൗൺ... രാജ്യം മുഴുവനും വീടിനുള്ളിൽ. കൊറോണ വൈറസ് വ്യാപനം തടയാൻ ഓരോ ഇന്ത്യക്കാരനും സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചു വീട്ടിലിരിക്കുന്ന അവസ്ഥ. അവശ്യവസ്തുക്കളുടെ ലഭ്യത ന്യായമായ വിലയിൽ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുക എന്നതായിരുന്നു റീച്ച് എക്സ്പ്രസ്സ് സൂപ്പർ മാർക്കറ്റിന്റെ പ്രധാന ലക്ഷ്യം. അത്യാവശ്യ സർവ്വീസുകളല്ലാതെ മറ്റ് കടകളെല്ലാം അടഞ്ഞുകിടന്നിരുന്നു. ലോക്ക് ഡൗൺ സമയത്ത് തുറക്കുവാൻ അനുമതിയുള്ള കടകളിൽ ഒന്നായിരുന്നു റീച്ച് എക്സ്പ്രസ്സ് സൂപ്പർ മാർക്കറ്റ്. കടയ്ക്കുള്ളിൽ ഇടപാടുകാരും ജീവനക്കാരും കൃത്യമായ അകലം പാലിക്കുകയും പ്രവേശന കവാടത്തിൽ ഹാൻഡ് വാഷിനുള്ള പ്രത്യേക സൗകര്യം ഒരുക്കുകയും ചെയ്തു. കോവിഡ് വ്യാപനം തടയുവാൻ സാമൂഹിക അകലം പാലിക്കണമെന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആവശ്യ സാധനങ്ങൾ ഭവനങ്ങളിൽ എത്തിച്ചു കൊടുത്തപ്പോൾ, നിങ്ങൾ ചെയ്യുന്നത് വലിയ സേവനമാണെന്ന് നാട്ടുകാർ ഒന്നടങ്കം പറഞ്ഞു. അത്യാവശ്യഘട്ടങ്ങളിൽ റീച്ചിന്റെ സന്നദ്ധപ്രവർത്തകർ ഭവനങ്ങളിൽ മരുന്നുകൾ എത്തിച്ചുകൊടുത്തു. 24 മണിക്കൂറും ജീവൻ പണയം വെച്ച് ജോലി ചെയ്യേണ്ടി വരുന്ന ആരോഗ്യപ്രവർത്തകരുടെയും പോലീസ് സേനയുടെയും ത്യാഗം കണ്ടപ്പോളാണ് അവർക്കു സഹായമായി മാറാൻ ശ്രമിച്ചത്. ഒരു പരാതിയുമില്ലാതെ എരിയുന്ന വെയിലിൽ സമൂഹത്തിന് കാവലായി നിൽക്കുന്ന പോലീസ് സേനയ്ക്ക് റീച്ച് വേൾഡ് വൈഡ് ചെയർമാൻ മാത്യൂ കുരുവിളയുടെ നിർദ്ദേശപ്രകാരം എല്ലാദിവസവും ഭക്ഷണം എത്തിച്ചുകൊടുത്തു. കേരളത്തിലെ വിവിധ പട്ടണങ്ങളിലും ഹൈദ്രാബാദിലുമാണ് സഹായമെത്തിച്ചത്. കൂടാതെ ആശുപത്രികളിൽ നിരീക്ഷണത്തിലായിരിക്കുന്ന വ്യക്തികൾക്കും നിർദ്ധനരോഗികൾക്കും, ബസ് സ്റ്റാൻഡുകളിൽ അന്തിയുറങ്ങുന്ന നിർദ്ധനർക്കും, കലക്ട്രേറ്റിലെ കൊറോണാ സെല്ലിലും ഭക്ഷണപ്പൊതികളും മറ്റ് സഹായങ്ങളും നൽകിക്കൊടുത്തു. വിവിധ സ്ഥലങ്ങളിലെ കമ്മ്യൂണിറ്റി കിച്ചണുകളിലും സഹായം എത്തിച്ചു. അതിഥി തൊഴിലാളികൾക്കുള്ള റീച്ചിന്റെ സംഭാവന റീച്ച് സി.എഫ്.ഒ. റോണക് മാത്യുവും സി.ഇ.ഒ. ഡോ.സാറയും കോട്ടയം ജില്ലാകളക്ടർക്ക് കൈമാറി. വിശപ്പ് മൂലം റോഡിൽ അലഞ്ഞു നടന്നിരുന്ന നായ്ക്കൾക്ക് റീച്ച് സന്നദ്ധപ്രവർത്തകർ ആഹാരം എത്തിച്ചുകൊടുത്തപ്പോൾ, ആ വാർത്ത തിരുവനന്തപുരം വട്ടിയൂർക്കാവ് എം.എൽ.എ. ശ്രീ. വി.കെ. പ്രശാന്ത് തന്റെ ഫേസ്ബുക്ക് പേജിൽ പങ്കുവെച്ചു.

കോവിഡിനു തുടക്കമിട്ട റാന്നി ഐത്തല ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലുള്ള നിർദ്ധന ഭവനങ്ങളിൽ അവശ്യസാധന കിറ്റുകൾ വിതരണം ചെയ്തു.കോവിഡ് പ്രതിസന്ധിയിൽ പൈനാപ്പിൾ വിപണനം മുടങ്ങിയപ്പോൾ റീച്ച് അതിന്റെ വിപണനം ഏറ്റെടുത്തത് കർഷകർക്ക് വലിയ ആശ്വാസമായി മാറി.



അതിഥി തൊഴിലാളികൾക്കുള്ള സഹായം ജില്ലാകളക്ടർക്ക് കൊമാറിയപ്പോൾ




പോലീസുകാർക്ക് സഹായഹസ്തവുമായി റീച്ച് പ്രവർത്തകർ





ഹൈദ്രബാദ് പട്ടണത്തിൽ റീച്ചിന്റെ പ്രവർത്തനങ്ങൾ



തെരുവുനായ്ക്കൾക്ക് ഭക്ഷണം നൽകുന്നു




ഭക്ഷണവിതരണം Br. അജുകുര്യൻ ഉദ്ഘാടനം ചെയ്യുന്നു



കമ്മ്യൂണിറ്റി കിച്ചണുകളിൽ സഹായമെത്തിച്ചപ്പോൾ



ജില്ലാ ആശുപത്രിയിലെ സൗജന്യ ഭക്ഷണവിതരണം



റാന്നി ഐത്തലയിൽ സൗജന്യകിറ്റുകൾ എത്തിച്ചപ്പോൾ


# കൊറോണാ ഒരു ഭീകരനല്ല, ശുചിത്വത്തിലൂടെ സുരക്ഷിതരാകാം

തങ്കുബ്രദർ


കൊറോണ ഒരു ഭീകരനല്ലന്നും, ഭയമല്ല, വിശ്വാസവും ശുചിത്വവുമാണ് വേണ്ടതെന്നും തങ്കൂ ബ്രദർ ഫെയ്സ് ബുക്ക് ലൈവിലൂടെ ആഹ്വാനം ചെയ്തു. കൊറോണ വൈറസിനെ കുറിച്ചുള്ള ആശങ്ക ലോകം മുഴുവൻ വ്യാപിക്കുമ്പോൾ ഭയം ഉളവാക്കുന്ന വാർത്തകൾ പ്രചരിപ്പിക്കാതെ വിശ്വാസത്താൽ ഭയത്തെ പുറത്താക്കണമെന്നും പതിനായിരക്കണക്കിന് അംഗങ്ങളുള്ള തന്റെ ഫേസ് ബുക്ക് ഫാമിലിക്ക് അദ്ദേഹം നിർദ്ദേശം കൊടുത്തു. ഗവൺമെന്റുകൾ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കണം. ഡോക്ടർമാരുടെയും യൂണീസെഫ് പോലുള്ള അംഗീകൃത വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെയും വാക്കുകൾ ശ്രവിക്കണം. രോഗ പ്രതിരോധത്തിനായിട്ടുള്ള പ്രായോഗിക നിർദ്ദേശങ്ങൾ കോലഞ്ചേരി മെഡിക്കൽ കോളേജ് ഇ.എൻ.റ്റി. പ്രൊഫസർ ഡോ. സജീവ് ജോർജും പങ്കുവച്ചു. കൂടാതെ ഡോക്ടർമാർ, നേഴ്സുമാർ, എമിഗ്രേഷൻ ഓഫീസർമാർ, എയർഹോസ്റ്റസുമാർ, പോലീസ് അധികാരികൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിങ്ങനെ സമൂഹത്തിൽ സേവനം ചെയ്യുന്നവരെ അഭിനന്ദിക്കുക മാത്രമല്ല, അവർക്കായി പ്രാർത്ഥിക്കണമെന്നും തങ്കുബ്രദർ ആഹ്വാനം ചെയ്തു. ലോകമെങ്ങും കൊറോണാ രോഗത്താൽ കഷ്ടമനുഭവിക്കുന്ന മുഴുവൻ ജനങ്ങൾക്കും വേണ്ടി ഏപ്രിൽ 12-ാം തീയതി രാത്രി 7.30 മുതൽ 8.00 മണി വരെ മുഴുവൻ ദൈവമക്കളും തങ്ങളുടെ ഭവനങ്ങളിലിരുന്ന് യേശുവിന്റെ നാമം വിളിച്ചപേക്ഷിച്ചപ്പോൾ വലിയ ആത്മീയാനുഭവങ്ങൾ ഉണ്ടായെന്ന് അനേകർ സാക്ഷ്യം പറഞ്ഞു.



## ചെയ്യേണ്ടത്




കൂടെക്കൂടെ കൈകൾ കഴുകുന്നത് ശീലമാക്കുക. കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. അല്ലെങ്കിൽ ആൽക്കഹോൾ അടിസ്ഥാനമായ ഹാൻഡ് റബ്ബ് ഉപയോഗിക്കുക.



തുമ്മുമ്പോഴും ചുമയ്ക്കുമ്പോളും നിങ്ങളുടെ മൂക്കും വായും ടവ്വൽ / ടിഷ്യു ഉപയോഗിച്ച് മൂടുക.




ഉപയോഗിച്ച ടിഷ്യുകൾ ഉടൻതന്നെ മൂടിയ ചവറ്റുകുട്ടയിൽ ഇടുക.



അസുഖം തോന്നുന്നെങ്കിൽ ഡോക്ടറെ കാണുക (പനി, ശ്വാസതടസ്സം, ചുമ) ഡോക്ടറെ സന്ദർശിക്കുമ്പോൾ നിങ്ങളുടെ വായും മൂക്കും മൂടുന്നതിന് മാസ്ക് / തുണി ഉപയോഗിക്കുക.




നിങ്ങൾക്ക് ഈ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 24 x 7 ഹെൽപ് ലൈൻ 011- 23978046 ലേക്ക് വിളിക്കുക.



വലിയ ജനക്കൂട്ടങ്ങളിൽ പങ്കെടുക്കുന്നത് ഒഴിവാക്കുക.

## ചെയ്യരുതാത്തത്



നിങ്ങൾക്ക് പനിയോ, ചുമയോ ഉണ്ടെങ്കിൽ മറ്റുള്ളവരുമായി അടുത്തിടപെടുന്നത്.



നിങ്ങളുടെ കണ്ണുകളും മൂക്കും വായും സ്പർശിക്കുന്നത്



പൊതുസ്ഥലത്ത് തുപ്പുന്നത്.

## നമുക്കൊത്തുചേർന്ന് കൊറോണാ വൈറസിനോടു പൊരുതാം

**കൂടുതൽ വിവരങ്ങൾക്ക് :**

ഇന്ത്യാ ഗവൺമെന്റ്, ആരോഗ്യ, കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 24 X 7 കൺട്രോൾ റൂം നമ്പർ +91-11-2397 8046-ലേക്ക് വിളിക്കുക

ഇമെയിൽ ചെയ്യുക : ncov2019@gmail.com

# എന്റെ ഭരണവിജയത്തിന് മാതൃക യേശുക്രിസ്തു – അരവിന്ദ് കേജ്‌രിവാൾ



കർത്താവായ യേശുക്രിസ്തു കാണിച്ചു തന്ന മാർഗ്ഗത്തിലൂടെ ഭരണം നടത്തുവാൻ കഴിഞ്ഞു എന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷമെന്ന് മൂന്നാം തവണയും ഉജ്ജ്വലവിജയം കൈവരിച്ച ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാൾ. ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ ആത്മാർത്ഥമായി മനസ്സിലാക്കി അവയ്ക്ക് പരിഹാരം കാണുക എന്ന ജനാധിപത്യത്തിന്റെ ആദ്യപാഠം യേശുക്രിസ്തുവിന്റെ പ്രവർത്തനരീതിയെ മാതൃകയാക്കിയാണ് താൻ മനസ്സിലാക്കിയതെന്നും അദ്ദേഹം പറഞ്ഞു. യേശു തന്റെ ജീവകാലമത്രയും ദരിദ്രർക്കും നിരാലംബർക്കും വേണ്ടി ജീവിച്ചതുപോലെ ഡൽഹിയിലുള്ള നിർധനജനങ്ങളുടെ ദൈന്യതകളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ കഴിഞ്ഞു. യേശു രോഗികളെ സൗഖ്യമാക്കിയും വിടുവിച്ചും എപ്രകാരം ജനങ്ങളെ സഹായിച്ചുവോ ആയതുപോലെ ഡൽഹിക്കുള്ളിൽ നിർദ്ധന ജനങ്ങളുടെ ചികിത്സാസഹായത്തിനായി 'മൊഹല്ലാ ക്ലിനിക്കുകൾ' സ്ഥാപിച്ചു.നിരവധി പുതിയ സർക്കാർ ആശുപത്രികൾ ആരംഭിക്കുകയും നിലവിലുള്ള ആശുപത്രികളിൽ സേവനവും സൗകര്യങ്ങളും മെച്ചപ്പെടുത്തിക്കൊണ്ട് എല്ലാവർക്കും സൗജന്യ ചികിത്സ നൽകിക്കൊടുക്കുകയും ചെയ്തു. നിർദ്ധനർക്കായി സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി, പഠന സൗകര്യം ഒരുക്കിക്കൊടുത്തു. സ്വകാര്യ സ്കൂളുകളുടെ ഫീസ്‌വർദ്ധനവ് തടയുകയും ക്രമക്കേടുകൾ ഉണ്ടോയെന്ന് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും ചെയ്തു. നിയമം ലംഘിക്കുന്ന സ്കൂളുകളിൽ നിന്നും അധികം ഈടാക്കിയ ഫീസ് തിരിച്ചു നൽകുവാൻ സർക്കാർ ഉത്തരവിട്ടു. വാർഷിക ബഡ്ജറ്റിന്റെ 25 ശതമാനം വിദ്യാഭ്യാസരംഗത്ത് നിക്ഷേപിച്ചുകൊണ്ട് സ്മാർട്ട്ക്ലാസ്സുകൾ,ലൈബ്രറികൾ, ലാബുകൾ, സ്വിമ്മിംഗ്പൂളുകൾ എന്നിവ ഒരുക്കിക്കൊണ്ട് സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി. സർക്കാർ സ്കൂളിലെ അദ്ധ്യാപകർക്ക് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റികൾ പോലെയുള്ള ലോകപ്രശസ്ത സർവ്വകലാശാലകളിൽ പരിശീലനങ്ങൾ നൽകി. 5 വർഷത്തിനുള്ളിൽ വിവിധ സ്കൂളുകളിൽ 20000 ക്ലാസ്സ്റൂമുകൾ കൂട്ടിച്ചേർത്തു. 200 യൂണിറ്റ് വരെയുള്ള വൈദ്യുതി ഉപയോഗം സൗജന്യമാക്കി. അതിനുമുകളിലുള്ള ഉപഭോക്താക്കൾക്ക് 50 ശതമാനം സബ്സിഡിയും പ്രഖ്യാപിച്ചു. 20000 ലിറ്റർ വരെയുള്ള ജലവിതരണം സൗജന്യമാക്കി. നിർധനർക്ക് ബസ്സ്ചാർജ്ജുകൾ സൗജന്യമാക്കി. ഇപ്രകാരം ജനനന്മയ്ക്കായി ചെയ്ത എല്ലാ പ്രവർത്തനങ്ങളും വിജയകരമായി നിറവേറ്റുവാൻ കഴിഞ്ഞത് യേശുക്രിസ്തു കാണിച്ചുതന്ന പാതയിലൂടെ സഞ്ചരിച്ചതിനാലാണെന്ന് ഡൽഹിയിൽ നടന്ന സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.


## യേശുവിന്റെ ധൈര്യത്തെ അനുസ്മരിച്ച് പ്രധാനമന്ത്രി



സമൂഹത്തെ സേവിക്കുവാനായി സമർപ്പിതമായ ജീവിതമായിരുന്നു യേശുക്രിസ്തുവിന്റേത്. യേശുദേവന്റെ ധൈര്യവും നീതിബോധവും അനുസ്മരിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ ഈസ്റ്റർ സന്ദേശം ട്വീറ്റ് ചെയ്തു. ദുഃഖവെള്ളിയാഴ്ച ദിവസം നൽകിയ ട്വിറ്റർ സന്ദേശത്തിലാണ് അദ്ദേഹം ഇത് പറഞ്ഞത്.

ദരിദ്ര സമൂഹത്തോടുള്ള യേശുവിന്റെ അചഞ്ചലമായ പ്രതിബന്ധത ഈ ഈസ്റ്റർ വേളയിൽ കോവിഡ് ബാധിതമായ ലോകത്തിന്റെ പ്രതിസന്ധികളെ മറികടക്കുവാൻ നമുക്ക് ശക്തി പകരട്ടെ എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

## രോഗികളെ സൗഖ്യമാക്കിയ യേശുവിനെ ഓർമ്മിപ്പിച്ച് മുഖ്യമന്ത്രി



കോവിഡ് 19 നെ സമർത്ഥമായി തടഞ്ഞുനിർത്തി ലോകത്തിനു മാതൃകയായ കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ദുഃഖവെള്ളിയാഴ്ച ദിനത്തിൽ യേശുക്രിസ്തുവിന്റെ സൗഖ്യദായക പ്രവർത്തിയെ അനുസ്മരിച്ചു. യേശുക്രിസ്തു പൊതുസമൂഹത്തിൽ പ്രധാനമായും പ്രവർത്തിച്ചത് രോഗികളെ സൗഖ്യമാക്കുന്നതായിരുന്നു. ഈ കൊറോണ കാലത്ത് യേശുക്രിസ്തുവിന്റെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് കൊറോണ രോഗബാധിതരെ സുഖപ്പെടുത്തുന്നതിനുള്ള അവസരമായി ഈസ്റ്റർ കാലം മാറണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. മനസുകൊണ്ട് ചേർത്ത് നിർത്തുക എന്നത് യേശു സ്വന്തം ജീവിതം കൊണ്ട് നൽകിയ സന്ദേശമാണ് നമുക്കും എല്ലാവരെയും ചേർത്തുനിർത്താം പിണറായി വിജയൻ പറഞ്ഞു.

**DOCUMENTED HEALING**

## മരണമുഖത്തുനിന്നും ജീവനിലേക്ക്

ഞാൻ സാബു .കെ. പണിക്കർ. യു.എ.ഇ -ലെ ഫ്യൂജിറയിലാണ് സ്ഥിരതാമസം. അമിതമായ മദ്യപാനം നിമിത്തം മാരകരോഗം പിടിപെട്ട് മരണത്തെ മുഖാമുഖം കണ്ട വ്യക്തിയായിരുന്നു ഞാൻ. കരൾരോഗം പിടിപെട്ടശേഷം ഒരിക്കലും മദ്യപിക്കരുതെന്ന് ഡോക്ടർ ഉറപ്പിച്ചു പറഞ്ഞുവെങ്കിലും രോഗാവസ്ഥയിൽ തന്നെ ഞാൻ വീണ്ടും മദ്യപിക്കുവാൻ തുടങ്ങി. പെട്ടന്ന് ഒരുദിവസം രക്തസമ്മർദ്ദവും, പ്രമേഹവും വളരെ കൂടുതലാകുകയും ഓക്സിജൻ ലെവൽ പാടെ കുറയുകയും ചെയ്തു. ശാരീരിക സ്ഥിതി വഷളായപ്പോൾ ഐ.സി.യുവിൽ അഡ്മിറ്റ് ചെയ്തു. ശ്വാസകോശം ഉൾപ്പെടെ,ആന്തരിക അവയവങ്ങൾ എല്ലാം അണുബാധയാകുകയും വയറ്റിനുള്ളിൽ ഫ്ളൂയിഡ് കെട്ടികിടക്കുന്നതിനാൽ ഓക്സിജൻ ലവൽ വീണ്ടും കുറഞ്ഞ്, ബ്ലഡ് കൗണ്ട് വളരെ കൂടുതലാകുകയും ചെയ്തപ്പോൾ ഡോക്ടർമാർ എന്റെ മരണം ഉറപ്പാക്കി.

പ്രതീക്ഷകളെല്ലാം കൈവിട്ട നിമിഷം എങ്ങനെയെങ്കിലും നാട്ടിലെത്തി അവിടെക്കിടന്ന് മരിക്കണം എന്ന ആഗ്രഹം ഞാൻ ഭാര്യയോട് പറഞ്ഞു. എന്നാൽ നാട്ടിലേക്കുപോകുവാൻ തിരുമാനിച്ചതിന്റെ തലേദിവസം വലിയവനായ ദൈവത്തിന്റെ പ്രവർത്തി എന്നിൽ വെളിപ്പെടുകയായിരുന്നു. ദൈവ ദൂതന്മാരെപ്പോലെ തങ്കുബ്രദറും സ്വർഗ്ഗീയവിരുന്നിലെ സഹോദരന്മാരും എനിക്കായി പ്രാർത്ഥിച്ച നിമിഷം ഒരിക്കലും മറക്കുവാനാകില്ല. അവർ കൈകോർത്ത് എനിക്കുവേണ്ടി പ്രാർത്ഥിക്കവേ, " യേശുവിന്റെ നാമത്തിൽ പുതിയ അവയവങ്ങൾ സ്യഷ്ടിക്കപ്പെടട്ടെ" എന്ന് വിനോദ് ബ്രദർ കൽപ്പിച്ചപ്പോൾ ഒരു ശക്തി എന്നിലേക്ക് ഇറങ്ങി വന്നതായി ഞാൻ അനുഭവിച്ചറിഞ്ഞു.

അത്ഭുതമെന്ന് പറയട്ടെ, നാളുകളായി ഉറങ്ങുവാൻ കഴിയാതിരുന്ന ഞാൻ അന്നുരാത്രി സുഖമായി ഉറങ്ങി. യേശു എന്നെ സൗഖ്യമാക്കി എന്ന ഉത്തമബോധ്യം ഹൃദയത്തിലുണ്ടായി. പിറ്റേന്ന് രാവിലെ രക്തത്തിലെ ഓക്സിജൻ ലെവലിൽ അതിശയകരമായ വ്യത്യാസം ഉണ്ടായി. ഒട്ടും ആഹാരം കഴിക്കുവാൻ കഴിയാതിരുന്ന ഞാൻ ആഹാരം കഴിക്കുവാൻ തുടങ്ങി. പിന്നീട് കർത്താവിന്റെ കരുണയാൽ ഓക്സിജന്റെ സഹായം പോലും ഇല്ലാതെ നാട്ടിലെത്തി. എയർപോർട്ടിൽനിന്നും നേരെ അനന്തപുരി ഹോസ്പറ്റിൽ അഡ്മിറ്റ് ചെയ്തു. വിദഗ്ദ്ധ പരിശോധനയിൽ രക്തത്തിന്റെ കൗണ്ടും, ഓക്സിജൻ ലെവലും നോർമ്മലായി. എന്നു മാത്രമല്ല, വയറ്റിലെ ഫ്ളൂയിഡ് അപ്രത്യക്ഷമായി എന്നുമുള്ള അത്ഭുത വാർത്തയാണ് കേട്ടത്. 3-ാം ദിവസം ഡിസ്ചാർജ് ചെയ്യുമ്പോൾ മുൻ മെഡിക്കൽ റിപ്പോർട്ട് നോക്കിയ ഡോക്ടർ " നിങ്ങൾ ഭാഗ്യവാനാണ്.ഇങ്ങനെയൊരു മാറ്റം അത്ഭുതംതന്നെ, ഇനി പേടിക്കാനില്ല" എന്നു പറഞ്ഞാണ് ഞങ്ങളെ മടക്കിഅയച്ചത്. യേശു ജീവനുള്ള ദൈവമാണന്ന് ലോകം മുഴുവൻ സാക്ഷ്യം പറയുവാനായി രോഗിയായിരുന്നപ്പോഴും സൗഖ്യമായതിനു ശേഷവുമുള്ള എന്റെ എല്ലാ മെഡിക്കൽ റിപ്പോർട്ടുകളും ഞാൻ സൂക്ഷിച്ചിട്ടുണ്ട്.

ഇനിയൊരിക്കലും ജീവിതത്തിലേക്ക് മടങ്ങിവരവുണ്ടാകില്ലന്ന് മനസ്സിലുറപ്പിച്ച്, മരണശേഷം ചെയ്യേണ്ട മുഴുവൻ കാര്യങ്ങളും ഭാര്യയെ ഏൽപ്പിച്ച എനിക്ക് പുതുജീവിതം നൽകിതന്ന ജീവനുള്ള ദൈവമായ യേശുവിനു വേണ്ടിയാണ് ഇനിയുള്ള ജീവിതം.

**സാബു കെ. പണിക്കർ**




**വാർത്താവിരുന്ന് പത്രത്തിന്റെ ഭാഗമാകാം!**

ഗ്രാഫിക് / വെബ് ഡിസൈനേഴ്സ്,
ജേർണ്ണലിസം പഠിച്ചവർ,
ആർട്ടിക്കിൾ എഴുതുവാനോ
ഫോട്ടോഗ്രാഫിയിലോ പ്രാവീണ്യമുള്ളവർ

ദയവായി ബന്ധപ്പെടുക

9495 85 10 25

printmediahf@gmail.com




വാർത്താവിരുന്ന് പത്രത്തിൽ പരസ്യങ്ങൾ ചെയ്തുകൊണ്ട് നിങ്ങളുടെ ബിസിനസ്സിനെ ലോക വ്യാപകമായി പ്രമോട്ട് ചെയ്യുവാൻ അവസരമുണ്ട്. വാർത്തകൾ അയച്ചുതരുവാനും കൂടുതൽ വിവരങ്ങൾക്കുമായി വാട്സ് ആപ്പ് നമ്പരിൽ ബന്ധപ്പെടുക

+ 91 9495 85 1025